## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 774** **12.06.2013-ൽ മറുപടിയ്ക്ക്**

### ബാണാസുര സാഗർ ജലസേചന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി) |
| എ) ബാണാസുര സാഗർ ജലസേചന പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | എ) ബാണാസുര സാഗർ ജലസേചന പദ്ധതിയുടെ മെയിൻ കനാലിന്റെ ഒരു അക്വഡക്ട് ഒഴികെയുള്ള ഭാഗം (2360മീറ്റർ) പൂർത്തീകരിച്ചിട്ടുണ്ട്. വെണ്ണിയോട് ബ്രാഞ്ച് കനാലിന്റെ പ്രവൃത്തി, പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പതിനാല് വിതരണ കനാലുകളിൽ കാപ്പുംകുന്ന് വിതരണ കനാലിന്റെ 545 മീറ്റർ നീളം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. 2016-17ൽ പദ്ധതി ഭാഗീകമായി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| ബി) കഴിഞ്ഞ വർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക; ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ ; | ബി) 2012 -13 വർഷത്തേക്ക് 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കുവേണ്ടി 3,02,72,894/-രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) ഈ വർഷം പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ? | സി) 2013-14 വർഷത്തേക്കുള്ള ആകെ ബഡ്ജറ്റ് വിഹിതം 250 ലക്ഷം രൂപയാണ്. |

സെക്ഷൻ ഓഫീസർ